# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 507 — 25.10.2016 -ൽ മറുപടിയ്ക്ക്

## 'കിറ്റ്സ്' ന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ ആർ രാജേഷ്<br>ശ്രീ ബി സത്യൻ<br>ശ്രീ ബി ഡി ദേവസ്സി<br>ശ്രീ വി കെ സി മമ്മത് കോയ : | | ശ്രീ എ.സി മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | കിറ്റ്സിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. കിറ്റ്സിന്റെ ഭരണപരവും അക്കാദമിക് തലത്തിലുമുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പുമന്ത്രി ചെയർമാനും, പ്രിൻസിപ്പൽ സെക്രട്ടറി (ടൂറിസം) വൈസ് ചെയർമാനുമായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി വർഷത്തിൽ കുറഞ്ഞത് രണ്ടു തവണ യോഗം ചേർന്ന് അവലോകനം ചെയ്യുന്നുണ്ട് കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2016-17 ൽ വിവിധ പരിശീലന പദ്ധതികളും കോഴ്സുകളും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട് |
| ബി) | കിറ്റ്സിൽ എന്തെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; കോഴ്സുകൾ പൂർത്തിയാക്കുന്നവരുടെ ജോലി സാധ്യതകൾ എന്തെല്ലാമാണെന്നും ക്യാമ്പസ് സെലക്ഷനിലൂടെ എത്ര പേർക്ക് ജോലി ലഭിയ്ക്കാറുണ്ടെന്നും വ്യക്തമാക്കുമോ ; | ബി) | കിറ്റ്സിന്റെ ഹെഡ്ക്വോർട്ടേഴ്സിലും സ്റ്റഡിസെന്ററുകളിലും നിലവിൽ നടത്തിവരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു. |

| കോഴ്സ് | പ്രതി വർഷം അനുവദിച്ച സീറ്റുകളുടെ എണ്ണം | കോഴ്സ് നടത്തുന്ന സെന്ററുകൾ |
|---|---|---|
| എം.ബി.എ. (ട്രാവൽ&ടൂറിസം) | 60 | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ബി.ബി.എ. (ടൂറിസം മാനേജ്മെന്റ്) ഡിഗ്രി കോഴ്സ് | 52 | ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് & ട്രാവൽ മാനേജ്മെന്റ് | 25 | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| ഡിപ്ലോമാ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | 40 | എറണാകുളം, തലശ്ശേരി സെന്ററുകൾ |
| അയാട്ട കോഴ്സുകൾ | 40 | ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം സെന്റർ |
| പി.ജി.ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് & ടൂറിസം | 25 | എറണാകുളം, തലശ്ശേരി സെന്ററുകൾ |

| | | | | | |
|---|---|---|---|---|---|
| | | | ഡിപ്ലോമാ ഇൻ എയർപോർട്ട് ഓപ്പറേഷൻ & ഗ്രൗണ്ട് ഹാന്റിലിംഗ് | 30 | തിരുവനന്തപുരം, എറണാകുളം സെന്ററുകളിൽ |
| | | | കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് ട്രാവൽ, ടൂറിസം, എയർലൈൻസ്, ലോജിസ്റ്റിക്സ്, ഷിപ്പിംഗ് എന്നീ മേഖലകളിൽ ജോലി സാധ്യതയുണ്ട് കിറ്റ്സിലെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്യാമ്പസ് പ്ലെയ്സ്മെന്റ് വഴിയും സ്വയം സംരഭകത്വ വികസനം വഴിയും തൊഴിൽ മേഖലയിൽ പ്രവേശിക്കുന്നു ണ്ട് | | |
| സി) | ഹോസ്പിറ്റാലിറ്റി വ്യവസായ രംഗത്ത് ആവശ്യമായ രീതിയിൽ പരിശീലനം ലഭിച്ച കൂടുതൽ ആളുകളെ നൽകാൻ കഴിയുന്ന തരത്തിലുള്ള കിറ്റ്സിന്റെ പദ്ധതികൾ എന്തെല്ലാമാണ്; | സി) | കേന്ദ്ര-ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയായ 'ഹുണാർസേ റോസ്ഗാർ തക്' പ്രകാരം ഫുഡ് പ്രൊഡക്ഷൻ, ഫുഡ്&ബിവറേജസ് സർവീസ്, ഹൗസ്കീപ്പിംഗ് എന്നീ മേഖലകളിൽ യുവതീ യുവാക്കൾക്ക് പരിശീലനം നൽകിവരുന്നു. 2016-17 ൽ ഹുണാർ സേ റോസ്ഗാർ തക് പദ്ധതിയുമായി ബന്ധപ്പെട്ട് 9550 പേർക്ക് പരിശീലനം നൽകുന്നതിനായി 10 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ന്റെ ഭാഗമായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ കോമി ഷെഫ്, മൾട്ടി ക്യുസീൻ ഷെഫ് എന്നീ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യപരിശീലനം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്രസർക്കാരിന്റെ NULM (നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ) പദ്ധതിയുമായി ബന്ധപ്പെട്ട് NCVT (നാഷണൽ കൗൺസിൽ ഓൺ വൊക്കേഷണൽ ട്രെയിനിംഗ്) നിബന്ധന അനുസരിച്ച് കുടുംബശ്രീയുമായി ചേർന്ന് ഹൗസ്കീപ്പർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഫുഡ് & ബിവറേജ്സ് സർവീസ്, കുക്ക്-ജനറൽ, കുക്ക്- കോണ്ടിനന്റൽ, കുക്ക്-ഇന്ത്യൻ ക്യുസിൻ എന്നീ കോഴ്സുകൾ മൊബൈൽ ലാബ് സംവിധാനം ഉപയോഗിച്ച് കേരളത്തിന്റെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തുടങ്ങുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു | | |
| ഡി) | കിറ്റ്സിന്റെ പുതിയ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ; | ഡി) | കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ലോജിസ്റ്റ്ക് മാനേജ്മെന്റ്, എയർകാർഗോ ഓപ്പറേഷൻസ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നീ തൊഴിലധഷ്ഠിത കോഴ്സുകൾ വിദ്യാർത്ഥികളുടെ ലഭ്യതയനുസരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്നതിന് സാറ്റലൈറ്റ് പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു | | |

| | | | |
|---|---|---|---|
| ഇ | കിറ്റ്സിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | ഇ | കിറ്റ്സ് 2016-17 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും പുറമേ കിറ്റ്സിനെ കാലോചിതമായി പരിഷ്ക്കരിച്ച് മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ പരിഗണനയിലുണ്ട്<br><br>1. UNWTO യുടെ ഏഷ്യാ-പസഫിക് മേഖലയിലെ വൈസ്പ്രസിഡന്റ് എന്ന നിലയിൽ ടൂറിസം അന്താരാഷ്ട്ര പരിശീലനകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന പരിപാടികൾ, ദേശീയ-വിദേശീയ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം, സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവ നടപ്പാക്കം<br>2. കൂടുതൽ കോഴ്സുകൾ നടത്തുന്നതിന് പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം<br>3. വിദ്യാർത്ഥികൾക്ക് വിവിധ തനത് കലാരൂപങ്ങൾ പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും, സഞ്ചാരികൾക്ക് മുന്നിൽ അവത രിപ്പിക്കുന്നതിനും വേണ്ടി ആംഫി തീയറ്ററിന്റെ നിർമ്മാണം.<br>4. വിദ്യാർത്ഥികൾക്ക് ടൂറിസം ബിസിനസ് ഓപ്പറേഷൻ മേഖലയിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ സ്കിൽ ലാബിന്റെ നിർമ്മാണം<br>5. കിറ്റ്സിൽ നിലവിലുള്ള ലാംഗ്വേജ്ലാബ് ഉയർത്തി വിദേശഭാഷകളിൽ പരിശീലനം.<br>6. ടൂറിസം മേഖലയിൽ വൈദഗ്ദ്ധ്യ തൊഴിലാളികളുടെ ആവശ്യവും പ്രാധാന്യവും സമന്വയിപ്പിക്കാൻ ടൂറിസം മാനവശേഷി പോർട്ടൽ..<br>7. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ടൂറിസം കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പ്രാവീണ്യം നേടിയ മേഖലയിൽ അന്തർദേശീയ നിലവാരം പുലർത്തുന്ന പരീക്ഷ നടത്തി എംപ്ലോയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന പ്രത്യേക പദ്ധതി. |

സെക്ഷൻ ഓഫീസർ